**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3389** **26-06-2024 - ൽ മറുപടിയ്ക്ക്**

**തൊഴിൽ വകുപ്പ് ലഭ്യമാക്കുന്ന ഓൺലൈൻ അധിഷ്ഠിത സേവനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ആന്റണി രാജു | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | ഓൺലൈൻ അധിഷ്ഠിതമായ എന്തെല്ലാം സേവനങ്ങളാണ് തൊഴിൽ വകുപ്പ് ലഭ്യമാക്കുന്നതെന്ന് വിശദീകരിക്കുമോ; | (എ) | സംസ്ഥാനത്ത് വിവിധ തൊഴിൽ നിയമങ്ങൾ പ്രകാരം തൊഴിൽ വകുപ്പിൽ നിന്ന് ആർജ്ജിതമാക്കേണ്ട താഴെപ്പറയുന്ന രജിസ്ട്രേഷൻ, ലൈസൻസ് റിന്യൂവൽ സേവനങ്ങൾക്കായി ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്നതിനും ഫീസ് ഓൺലൈൻ ആയി ഒടുക്കുന്നതിനും ഓഫീസുകളിൽ ഹാജരാകാതെ തന്നെ സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിനും സാദ്ധ്യമാക്കുന്ന ഓൺലൈൻ സംവിധാനം വകുപ്പിൽ നടപ്പിലാക്കിയിട്ടുണ്ട്. അപേക്ഷയുടെ സ്റ്റാറ്റസ് ട്രാക്ക് ചെയ്യുന്നതിനും, സർട്ടിഫിക്കറ്റുകൾ ഡൗൺലോഡ് ചെയ്യുന്നതിനുമുള്ള സൗകര്യം ടി സംവിധാനത്തിലൂടെ ലഭ്യമാണ്.<br><br>**സേവനങ്ങൾ**<br><br>1.കേരള ഷോപ്പ്സ് ആൻഡ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട്, 1960 പ്രകാരമുള്ള രജിസ്ട്രേഷൻ<br><br>2.കേരള ഷോപ്പ്സ് ആൻഡ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട്, 1960 പ്രകാരമുള്ള രജിസ്ട്രേഷൻ പുതുക്കൽ<br><br>3.കോൺട്രാക്ട് ലേബർ (റെഗുലേഷൻ ആന്റ് അബോളിഷൻ) ആക്ട്, 1970 പ്രകാരം പ്രിൻസിപ്പൽ എംപ്ലോയർ രജിസ്ട്രേഷൻ<br><br>4.കോൺട്രാക്ട് ലേബർ (റെഗുലേഷൻ ആന്റ് അബോളിഷൻ) ആക്ട്, 1970 പ്രകാരം ലൈസൻസ്<br><br>5.കോൺട്രാക്ട് ലേബർ (റെഗുലേഷൻ ആൻഡ് അബോളിഷൻ) ആക്ട്, 1970 പ്രകാരം ലൈസൻസ് പുതുക്കൽ<br><br>6.ബിൽഡിംഗ് & കൺസ്ട്രക്ഷൻ തൊഴിലാളികൾ (തൊഴിൽ നിയന്ത്രണവും സേവന വ്യവസ്ഥകളും) |

ആക്ട്, 1996 പ്രകാരമുള്ള രജിസ്ട്രേഷൻ

7.മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് ആക്ട്, 1961 പ്രകാരമുള്ള രജിസ്ട്രേഷൻ

8.മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് ആക്ട്, 1961 പ്രകാരമുള്ള രജിസ്ട്രേഷൻ പുതുക്കൽ

9.ഇന്റർ സ്റ്റേറ്റ് മൈഗ്രന്റ് വർക്ക്മെൻ (തൊഴിൽ നിയന്ത്രണവും സേവന വ്യവസ്ഥകളും) ആക്ട്, 1979 പ്രകാരം രജിസ്ട്രേഷൻ

10.ഇന്റർ സ്റ്റേറ്റ് മൈഗ്രന്റ് വർക്ക്മെൻ (തൊഴിൽ നിയന്ത്രണവും സേവന വ്യവസ്ഥകളും) ആക്ട്, 1979 പ്രകാരം ലൈസൻസ്

11.ഇന്റർ സ്റ്റേറ്റ് മൈഗ്രന്റ് വർക്ക്മെൻ (തൊഴിൽ നിയന്ത്രണവും സേവന വ്യവസ്ഥകളും) ആക്ട്, 1979 പ്രകാരം ലൈസൻസ് പുതുക്കൽ

12.ട്രേഡ് യൂണിയൻ ആക്ട് 1926 പ്രകാരമുള്ള രജിസ്ട്രേഷൻ

എംപ്ലോയ്മെന്റ് വകുപ്പിലെ എക്സ്ചേഞ്ചുകളുടെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള 35 ലക്ഷത്തോളം തൊഴിലന്വേഷകരുടെ വിവരം ഡിജിറ്റൈസ് ചെയ്ത് ഇ-എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് എന്ന ഓൺലൈൻ സോഫ്റ്റ് വെയർ മുഖേന 03/5/2017 മുതൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കിയിട്ടുണ്ട്. www.eemployment.kerala.gov.in എന്ന വെബ് പോർട്ടൽ വഴി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ നിന്നും തൊഴിലന്വേഷകർക്ക് ലഭ്യമാക്കുന്ന പ്രത്യക്ഷമായ സേവനങ്ങൾ എല്ലായ്പ്പോഴും എവിടെ നിന്നും ലഭ്യമാണ്. പ്രസ്തുത ഓൺലൈൻ പോർട്ടൽ മുഖാന്തിരം രജിസ്ട്രേഷൻ, പുതുക്കൽ, പ്രത്യേക പുതുക്കൽ, അധികയോഗ്യത കൂട്ടിച്ചേർക്കൽ, രജിസ്ട്രേഷൻ ട്രാൻസ്ഫർ, റീ-രജിസ്ട്രേഷൻ, വ്യക്തിഗത വിവരങ്ങളുടെ അപ്ഡേഷൻ, സീനിയോറിറ്റി ലിസ്റ്റ് തുടങ്ങിയ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴി പ്രത്യക്ഷമായി നൽകുന്ന എല്ലാ സേവനങ്ങളും ഓൺലൈൻ ആയി ഉദ്യോഗാർത്ഥികൾക്ക് ലഭ്യമാണ്. കൂടാതെ കേരളത്തിലെ എല്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളും പേപ്പർരഹിത ഓഫീസുകളാക്കുക എന്ന ലക്ഷ്യത്തോടുകൂടി എല്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലും ഇ-ഓഫീസ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

| | | | |
|---|---|---|---|
| | | | വ്യാവസായിക പരിശീലന വകുപ്പിന് കീഴിലുള്ള ഐ.ടി.ഐ-കളിൽ അഡ്മിഷൻ വകുപ്പ് തനതായി വികസിപ്പിച്ച ഓൺലൈൻ അഡ്മിഷൻ പോർട്ടൽ ആയ ജാലകം പോർട്ടൽ വഴി നടത്തി വരുന്നു.<br><br>ഫാക്ടറീസ് & ബോയിലേഴ്സ് വകുപ്പിൽ ഫാക്ടറികളുടെയും ബോയിലറുകളുടെയും രജിസ്ട്രേഷൻ സംബന്ധമായ 22-ൽ അധികം സേവനങ്ങൾ (ഫാക്ടറി പെർമിറ്റ് അനുവദിക്കൽ, ലൈസൻസ് അനുവദിക്കൽ, ലൈസൻസ് പുതുക്കൽ/ഭേദഗതി, ബോയിലർ രജിസ്ട്രേഷൻ തുടങ്ങിയവ ഉൾപ്പെടെ) നൽകിവരുന്നു.<br><br>ഇ.എസ്.ഐ പദ്ധതിയിൽ രജിസ്റ്റർ ചെയ്ത തൊഴിലാളികൾക്കുള്ള ചികിത്സാ സൗകര്യങ്ങളാണ് ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് നൽകി വരുന്നത്. ഈ വകുപ്പിന്റെ ഗുണഭോക്താക്കളുമായി ബന്ധപ്പെട്ടുള്ള ഓൺലൈൻ അധിഷ്ഠിത സേവനങ്ങൾ ഇ.എസ്.ഐ കോർപ്പറേഷൻ നേരിട്ട് നിർവ്വഹിക്കുന്ന തിനാൽ നിലവിൽ ഓൺലൈൻ സേവനങ്ങൾ ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് നൽകുന്നില്ല. |
| (ബി) | ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനങ്ങളുടെ കമ്പ്യൂട്ടർവൽക്കരണത്തിലൂടെ തൊഴിലാളികൾക്കുണ്ടാകുന്ന ഗുണഫലങ്ങൾ വ്യക്തമാക്കുമോ; | (ബി) | **1. കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ്**<br><br>കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിലവിൽ ഓൺലൈൻ സംവിധാനം നടപ്പിലാക്കിയിട്ടില്ല. ക്ഷേമനിധി ബോർഡിന്റെ ഓഫീസുകൾ കമ്പ്യൂട്ടർവത്കരിച്ചാൽ ഓൺലൈൻ സേവനങ്ങൾ വഴി തൊഴിലാളികൾക്ക് തൊഴിൽ ദിനങ്ങൾ നഷ്ടപ്പെടാതെ അപേക്ഷകൾ സമർപ്പിക്കുവാൻ സാധിക്കും. കൂടാതെ കമ്പ്യൂട്ടർവത്ക്കരിച്ചാൽ ആനുകൂല്യങ്ങൾ വേഗത്തിൽ തീർപ്പാക്കി തൊഴിലാളികൾക്ക് ലഭ്യമാക്കാനും സാധിക്കും.<br><br>**2. കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡ്**<br><br>കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിലവിൽ ഓൺലൈൻ സംവിധാനം നടപ്പിലാക്കിയിട്ടില്ല. നിലവിൽ തൊഴിലാളികൾക്ക് അംഗത്വമെടുക്കുന്നതിനായി കെൽട്രോൺ രൂപകൽപ്പന ചെയ്ത എ.ഐ.ഐ.എസ് എന്ന സോഫ്റ്റ്‌വെയർ മുഖേന തൊഴിലാളികൾക്ക് അവരവരുടെ സ്ഥലങ്ങളിലുള്ള അക്ഷയ കേന്ദ്രങ്ങൾ വഴി ഓൺലൈൻ ആയി അംഗത്വ ഫീസ് |

അടക്കുന്നതിനും രജിസ്ട്രേഷൻ ചെയ്യുന്നതിനും സാധ്യമാണ്. അങ്കമാലിയിലുള്ള ഈ ഓഫീസിലേക്ക് കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും തൊഴിലാളികൾ എത്തിച്ചേരുന്നതിനുള്ള ബുദ്ധിമുട്ട് ഇതുവഴി പരിഹരിക്കപ്പെട്ടിട്ടുണ്ട്. കൂടാതെ തൊഴിലാളികളുടെ അപേക്ഷകൾ ഓൺലൈൻ ആയും, നവമാധ്യമമായ വാട്സ്ആപ്പ് വഴിയും അയച്ചു തരുന്നതിനുള്ള സംവിധാനവും നടപ്പിലാക്കി വരുന്നു.

**3. കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡ്**

കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡിലെ മുഖ്യകാര്യാലയവും സബ് ഓഫീസുകളും കമ്പ്യൂട്ടർവൽക്കരിച്ചതുമൂലം പെൻഷനും മറ്റ് ആനുകൂല്യങ്ങളും തൊഴിലാളികളുടെ അക്കൗണ്ടുകളിലേക്ക് നേരിട്ട് ലഭ്യമാക്കുവാൻ കഴിയുന്നു. കൂടാതെ വിവിധ ആനുകൂല്യങ്ങൾക്കുള്ള അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിനും കമ്പ്യൂട്ടർവൽക്കരിച്ചതുമൂലം സാധിക്കുന്നു.

**4. കേരള ലേബർ വെൽഫെയർ ഫണ്ട് ബോർഡ്**

കേരള ലേബർ വെൽഫെയർ ഫണ്ട് ബോർഡിൽ കമ്പ്യൂട്ടർ വത്ക്കരണത്തിന്റെ ഭാഗമായി ഇ-ഓഫീസ് സംവിധാനവും പഞ്ചിംഗ് സിസ്റ്റവും നടപ്പിലാക്കിയിട്ടുണ്ട്. ബോർഡിലെ തൊഴിലാളികൾക്ക് സമയബന്ധിതമായി ആനുകൂല്യങ്ങൾ നൽകുന്നതിനായും ബോർഡിലെ അംശാദായം അടയ്ക്കുന്നതിനും ആനുകൂല്യത്തിനുള്ള അപേക്ഷകൾ ഓൺലൈനായി സ്വീകരിക്കുന്നതിനും വെബ്സൈറ്റ് രൂപീകരിച്ചിട്ടുണ്ട്. സർക്കാരിന്റെ integrated Personnel, payroll and accounts information system ആയ ജി-സ്പാർക്ക് സോഫ്റ്റ്വെയർ നടപ്പിലാക്കുന്നതിന്റെ പ്രവർത്തനങ്ങൾ നടന്നു വരുന്നു. കമ്പ്യൂട്ടർവത്ക്കരണത്തിന്റെ ഭാഗമായി ബോർഡിന്റെ കീഴിൽ തൊഴിലാളികൾക്ക് വിശ്രമത്തിനും വിനോദത്തിനുമായി പ്രവർത്തിക്കുന്ന ഹോളിഡേ ഹോമിൽ റൂം ബുക്ക് ചെയ്യുന്നത് ഓൺലൈൻ സംവിധാനം നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**5. കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ്**

കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ് പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിക്കുന്നതിലൂടെ ഒരു തൊഴിലാളിക്ക് അംഗമായി ചേരുന്നതിനുള്ള അപേക്ഷ

സമർപ്പിക്കുന്നതിനും, അംശാദായം ഓൺലൈനായി അടവാക്കുന്നതിനും, ബോർഡിൽ നിന്നും നൽകി വരുന്ന ക്ഷേമാനുകൂല്യങ്ങൾക്ക് ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്നതിനും സാധ്യമാകും. ഇത്തരത്തിൽ അപേക്ഷ സമർപ്പിച്ചതിനുശേഷം ആനുകൂല്യ വിതരണം ഡി.ബി.റ്റി സമ്പ്രദായത്തിലൂടെ നൽകുന്നതിനും സാധ്യമാണ്.
കമ്പ്യൂട്ടർവൽക്കരണത്തിലൂടെ ബോർഡിൽ നിന്നുള്ള സേവനങ്ങൾ ജനങ്ങളിലേയ്ക്ക് സുതാര്യവും വേഗത്തിലും എത്തിക്കുന്നതിന് സഹായകരമാകും.

### 6. കേരള ഷോപ്പ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് തൊഴിലാളി ക്ഷേമനിധി ബോർഡ്

കേരള ഷോപ്പ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനങ്ങൾ കമ്പ്യൂട്ടർവൽക്കരിച്ചതിലൂടെ തൊഴിലാളികൾക്ക് ബോർഡിന്റെ ഓഫീസുകൾ സന്ദർശിക്കാതെ തന്നെ ഓൺലൈനായി അംഗത്വമെടുക്കുന്നതിനും അംശദായം അടയ്ക്കുന്നതിനും പെൻഷൻ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾക്ക് അപേക്ഷ സമർപ്പിക്കുന്നതിനും ആനുകൂല്യങ്ങൾ കൈപ്പറ്റുന്നതിനും സാധിക്കുന്നു.

### 7. കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ്

കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡിൽ കമ്പ്യൂട്ടർവൽക്കരണം നടപ്പിലാക്കിയതിലൂടെ തൊഴിലാളികൾക്ക് വേഗത്തിൽ പെൻഷൻ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങളും മറ്റ് ധനസഹായങ്ങളും (തൊഴിലാളികളുടെ ബാങ്ക് അക്കൗണ്ടിലേക്ക് നേരിട്ട് നൽകുന്നതിലൂടെ) ലഭിക്കുന്നതിനും കൂടാതെ ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കിയതിലൂടെ തൊഴിലാളികളുടെ വിവിധ അപേക്ഷകളിന്മേൽ സത്വര നടപടികൾ സ്വീകരിക്കുന്നതിനും തീർപ്പാക്കുന്നതിനും സാധിക്കുന്നു.

### 8. കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡ്

കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡിൽ കമ്പ്യൂട്ടർവത്ക്കരണം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ എ.ഐ.ഐ.എസ് സോഫ്റ്റ്‌വെയർ മുഖേന അംഗത്വ രജിസ്ട്രേഷൻ നടത്തി വരുന്നു. ആയത് പ്രകാരം ഓൺലൈൻ മുഖേന തൊഴിലാളികൾക്കന്ന് സ്വയം രജിസ്ട്രേഷൻ അപേക്ഷ സമർപ്പിക്കുന്നതിനും

അപേക്ഷയുടെ പുരോഗതി അറിയുന്നതിനും സാധിക്കുന്നു.

**9. കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ്**

കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ കീഴിലുള്ള എല്ലാ ഓഫീസുകളും പൂർണ്ണമായി കമ്പ്യൂട്ടർവത്ക്കരിച്ച് വഴി വിവിധ അപേക്ഷകൾ ഓൺലൈൻ ആയി സ്വീകരിക്കുന്നതിനും, അപേക്ഷയിന്മേൽ അതിവേഗം നടപടികൾ സ്വീകരിക്കുന്നതിനും തൊഴിലാളികളുടെ പെൻഷൻ, ആനുകൂല്യങ്ങൾ എന്നിവയുടെ വിതരണം വേഗത്തിലാക്കുന്നതിനും സാധിക്കുന്നു. തൊഴിലാളികൾക്കുള്ള പെൻഷൻ, ആനുകൂല്യങ്ങൾ എന്നിവ ഓൺലൈൻ ആയി അവരവരുടെ ബാങ്ക് അക്കൗണ്ടുകളിലേയ്ക്ക് നേരിട്ട് മാറ്റാൻ സാധിക്കുന്ന ഡയറക്ട് ബെനിഫിറ്റ് ട്രാൻസ്ഫർ സംവിധാനം നടപ്പിലാക്കിയതുവഴി ആനുകൂല്യങ്ങൾ നിമിഷനേരം കൊണ്ട് നേരിട്ട് തൊഴിലാളികളുടെ ബാങ്ക് അക്കൗണ്ടുകളിൽ എത്തിക്കുന്നതിന് സാധിക്കുന്നു. കോവിഡ് മഹാമാരിയുടെ സമയത്ത് ടി സംവിധാനം ഏറ്റവും നന്നായി പ്രയോജനപ്പെടുത്തുവാൻ ബോർഡിന് സാധിച്ചു. ബോർഡിൽ ഫയലുകൾ ഇലക്ട്രോണിക്കായി കൈകാര്യം ചെയ്യുന്നതിനാൽ അവയുടെ സുതാര്യത വർദ്ധിപ്പിക്കുന്നതിനും വേഗത്തിൽ തീർപ്പ് കൽപ്പിക്കുന്നതിനും സാധിക്കുന്നു. ബോർഡിന്റെ പേരിൽ ആരംഭിച്ച വെബ്സൈറ്റ് മുഖേന ബോർഡിന്റെ പ്രവർത്തനം സംബന്ധിച്ച വിവരങ്ങൾ ഉടനടി ഗുണഭോക്താക്കളിൽ എത്തിക്കുന്നതിന് സാധിക്കുന്നു.

**10. കേരള ബീഡി-ചുരുട്ട് തൊഴിലാളി ക്ഷേമനിധി ബോർഡ്**

കേരള ബീഡി-ചുരുട്ട് തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനങ്ങളുടെ കമ്പ്യൂട്ടർവത്ക്കരണത്തിലൂടെ തൊഴിലാളികളുടെ രജിസ്ട്രേഷൻ, അംശദായം ഒടുക്കൽ, ധനസഹായത്തിനുള്ള അപേക്ഷകൾ, പുതിയ പെൻഷൻ അപേക്ഷകൾ എന്നിവ ഓഫീസിൽ വരാതെ തന്നെ ഓൺലൈൻ സംവിധാനത്തിലൂടെ നടത്തുവാൻ സാധിക്കുന്നു.

**11. കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ്**

2017-18 കാലയളവ് മുതൽ ബോർഡിന്റെ അംഗത്വ രജിസ്ട്രേഷൻ, അംശദായ അടവ് എന്നിവ

ഓൺലൈൻ മുഖേന ഒടുക്കുന്നതിന് സാധിക്കുന്നുണ്ട്. 2019 ഏപ്രിൽ മുതൽ പെൻഷൻ അപേക്ഷ സമർപ്പണം മുതൽ വിവിധ ആനുകൂല്യ വിതരണം വരെയുള്ള നടപടികൾ പൂർണ്ണമായും ഓൺലൈൻ സംവിധാനത്തിലേയ്ക്ക് മാറ്റി അപേക്ഷകൾ അതത് മാസം തീർപ്പാക്കി ഡി.ബി.റ്റി സംവിധാനത്തിലൂടെ പെൻഷൻ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ തൊഴിലാളികളുടെ അക്കൗണ്ടിലേയ്ക്ക് നേരിട്ട് ക്രെഡിറ്റ് ചെയ്യുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്.

തയ്യൽ തൊഴിലാളികൾക്കും തയ്യൽ സ്വയം തൊഴിലായി സ്വീകരിച്ചിട്ടുള്ള 18 വയസ്സ് കഴിഞ്ഞ ഏതൊരാൾക്കും ക്ഷേമനിധി ബോർഡിൽ അംഗമാകാവുന്നതാണ്. ഓൺലൈനായി ലഭിക്കുന്ന അപേക്ഷ പരിശോധിച്ച് നൈപുണ്യ പരിശോധന നടത്തി ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർമാർ അംഗത്വം അനുവദിക്കുന്നു. ട്രേഡ് യൂണിയനുകൾ മുഖാന്തിരവും, അക്ഷയ കേന്ദ്രങ്ങൾ വഴിയും വ്യക്തിഗതമായും, ഓൺലൈനായും അംശദായം അടയ്ക്കുന്നതിനുള്ള സൗകര്യം ബോർഡ് സോഫ്റ്റ്‌വെയറിൽ സജ്ജീകരിച്ചിട്ടുണ്ട്. ഇതിലൂടെ ഓൺലൈൻ മുഖേന അംഗത്വം എടുക്കുന്നതിനും അംശദായം ഒടുക്കുന്നതിനുമുള്ള സൗകര്യം തൊഴിലാളികൾക്ക് ലഭ്യമാക്കിയിട്ടുണ്ട്.

കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായ തൊഴിലാളികൾക്ക് അവരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ഓഫീസിൽ നേരിട്ട് ഹാജരാകാതെ തന്നെ ബോർഡിന്റെ വെബ്സൈറ്റ് മുഖാന്തിരം ഓൺലൈൻ വഴി പരാതികൾ സമർപ്പിക്കുന്നതിനുള്ള 'ഓൺലൈൻ കംപ്ലയിന്റ് പോർട്ടൽ' സംവിധാനവും ബോർഡ് സോഫ്റ്റ്‌വെയറിൽ സജ്ജീകരിച്ചിട്ടുണ്ട്.

### 12. കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡ്

കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡിൽ കമ്പ്യൂട്ടർവത്ക്കരണം നടപ്പിലാക്കിയതിലൂടെ ക്ഷേമനിധി അംഗങ്ങളുടെ അംശാദായം ഓൺലൈൻ സംവിധാനം മുഖേന അടക്കുന്നതിന് സാധിച്ചിട്ടുണ്ട്. 04.10.2021 മുതൽ കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡിൽ ഇ-ഓഫീസ് സംവിധാനം നടപ്പിൽ വരുത്തിയിട്ടുള്ളതിനാൽ ക്ഷേമനിധി ബോർഡ് മുഖേന നൽകി വരുന്ന പെൻഷൻ ഉൾപ്പെടെയുള്ള സാമ്പത്തിക സഹായ അപേക്ഷ ഫയലുകളുടെ നീക്കം ത്വരിതപ്പെടുത്തുവാനും സാധിച്ചിട്ടുണ്ട്.

### 13. കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ബോർഡ്

കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ പദ്ധതിയുടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമവും സുതാര്യവുമായി നടപ്പിലാക്കുന്നതിന് വിവരസാങ്കേതിക വിദ്യയുടെ സേവനം പ്രയോജനപ്പെടുത്തിയിട്ടുണ്ട്. ആയതിന്റെ ഫലമായി പദ്ധതിയുടെ പ്രവർത്തനങ്ങൾക്കായി പ്രത്യേകം സോഫ്റ്റ് വെയർ വികസിപ്പിച്ചിട്ടുണ്ട്. ഈ സോഫ്റ്റ് വെയറിന്റെ സഹായത്താൽ തൊഴിൽ ദിനങ്ങൾ നഷ്ടപ്പെടാതെ ഓൺ-ലൈൻ രജിസ്ട്രേഷൻ ഓൺ-ലൈൻ അംശദായ അടവ് എന്നിവ തൊഴിലാളികൾക്ക് സാധ്യമാകുന്നു. കമ്പ്യൂട്ടർവത്ക്കരണത്തിന്റെ ഭാഗമായി ആനുകൂല്യവിതരണം അടക്കമുള്ള സേവനങ്ങൾ ഏറ്റവും കുറഞ്ഞ സമയക്രമത്തിനുള്ളിൽ പൂർത്തീകരിക്കാൻ സാധിക്കുന്നു. ഇ-ഓഫീസ് സംവിധാനം സജ്ജീകരിക്കപ്പെട്ടതിലൂടെ ഫയലുകൾ തീർപ്പാക്കുന്നതിന് ഗതിവേഗം വർദ്ധിച്ചിട്ടുണ്ട്.

### 14. കേരള ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡ്

കേരള ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡിൽ നിലവിൽ വേതനവിതരണം, പെൻഷൻ വിതരണം, മറ്റാനുകൂല്യവിതരണം മുതലായവ പൂർണ്ണമായും ഓൺ-ലൈൻ സംവിധാനം വഴിയാണ് നടപ്പിലാക്കുന്നത്. ഓൺ-ലൈൻ സംവിധാനങ്ങളുടെ വരവോടെ ഓഫീസ് നടപടിക്രമങ്ങൾ കൂടുതൽ സുതാര്യവും കാര്യക്ഷമവുമായി കൈകാര്യം ചെയ്യുന്നതിന് സാധ്യമായിട്ടുണ്ട്. സമയബന്ധിതമായും തൊഴിലാളികൾക്ക് ആനുകൂല്യം ലഭ്യമാക്കുന്നതിനും അവർക്ക് അവകാശപ്പെട്ട ആനുകൂല്യങ്ങളെ സംബന്ധിച്ച് തൊഴിലാളികൾക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിനും ബോർഡിന്റെ കമ്പ്യൂട്ടർവത്ക്കരണം മൂലം സാധിച്ചിട്ടുണ്ട്.

### 15. കേരള മോട്ടോർ തൊഴിലാളി ക്ഷേമ ബോർഡ്

കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിലെ തൊഴിലാളികൾക്ക് ഓഫീസിൽ വരാതെ തന്നെ ഓൺ-ലൈനായി അംഗത്വ രജിസ്ട്രേഷൻ നടത്താൻ സാധിക്കുന്നതും, ക്ഷേമനിധി വിഹിതം ഓൺ-ലൈനായും, അക്ഷയ/ബാങ്കുകൾ മുഖേന കൊടുക്കാൻ സാധിക്കുന്നതും കമ്പ്യൂട്ടർവത്ക്കരണത്തിന്റെ പ്രധാന ഗുണഫലങ്ങളാണ്. ബോർഡിൽ കമ്പ്യൂട്ടർവത്ക്കരണം നടപ്പാക്കിയതിനാൽ തൊഴിലാളികൾക്കുള്ള

പെൻഷൻ, റീഫണ്ട്, വിവാഹധനസഹായം, മരണാനന്തരധനസഹായം, സ്കോളർഷിപ്പ് തുടങ്ങിയ നിരവധിയായ ആനുകൂല്യങ്ങൾ വേഗത്തിൽ വിതരണം ചെയ്യാനായി ചെക്കുകൾ ഒഴിവാക്കി തുക നേരിട്ട് തൊഴിലാളികളുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നൽകിവരുന്നു. ഇതുമൂലം തുക വിതരണത്തിലെ കാലതാമസം ഒഴിവാക്കാൻ സാധിക്കുന്നു. ഇ-ഓഫീസ് സംവിധാനം നടപ്പാക്കിയതിലൂടെ ഓഫീസുകളിലെ ഫയൽ നീക്കം വേഗത്തിലാക്കാനായി. ലാപ്പടോപ്പ് വിതരണം, സ്കോളർഷിപ്പ് പോലുള്ള ആനുകൂല്യങ്ങൾ പ്രഖ്യാപിക്കുമ്പോൾ വെബ് സൈറ്റ് വഴിയും, ഫേസ് ബുക്ക്, ട്വിറ്റർ മുതലായവ വഴിയും അറിയിപ്പുകൾ നൽകുന്നതിനാൽ വേഗത്തിൽ തൊഴിലാളികൾക്ക് വിവരങ്ങൾ എത്തിക്കുവാൻ സാധിക്കുന്നു.

### 16. കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമ ബോർഡ്

കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡിന്റെ ചീഫ് ഓഫീസിൽ 2022 ഡിസംബർ മാസം മുതൽ ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. ജില്ലാ ഓഫീസുകളിൽ ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇ-ഓഫീസ് സംവിധാനം എല്ലാ ജില്ലകളിലും നടപ്പിലാക്കുന്നതിലൂടെ തൊഴിലാളികളുമായി ബന്ധപ്പെട്ട ഫയലുകൾ വളരെ വേഗത്തിലും സുതാര്യമായും തീർപ്പാക്കുന്നതിനും ആനുകൂല്യങ്ങൾ വളരെ വേഗത്തിൽ വിതരണം ചെയ്യുന്നതിനും സാധിക്കുന്നതാണ്. തൊഴിൽ വകുപ്പ് മുഖേന പിരിച്ചു വന്നിരുന്ന ബിൽഡിംഗ് സെസ്സ് തദ്ദേശ സ്വയംഭരണ വകുപ്പ് മുഖാന്തിരം പിരിച്ചെടുക്കുന്നതിന് 23/24/എൽ എസ് ജി ഡി നമ്പർ ഉത്തരവ് 14/02/2024-ൽ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ടി ഉത്തരവ് പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പിന്റെ കെ-സ്മാർട്ട് സോഫ്റ്റ് വെയറിൽ സെസ്സ് പിരിക്കുന്നതിന് ആവശ്യമായ മോഡ്യൂൾ വികസിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ആയതിലൂടെ സെസ്സ് പിരിവ് കാര്യക്ഷമമാക്കി ബോർഡിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തി കുടിശ്ശിക പെൻഷൻ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിന് സാധിക്കുന്നതാണ്. കൂടാതെ ബോർഡിൽ പ്രവർത്തിക്കുന്ന വെബ് സൈറ്റ് മുഖാന്തിരം തൊഴിലാളികൾക്കാവശ്യമായ അപേക്ഷ ഫോമുകൾ ഡൗൺലോഡ് ചെയ്ത് ഉപയോഗിക്കാൻ സാധിക്കുന്നതാണ്. ബോർഡിന്റെ വിവരങ്ങൾ സമയബന്ധിതമായി വെബ് സൈറ്റിൽ

| | | | |
|---|---|---|---|
| | | | പ്രസിദ്ധപ്പെടുത്തുന്നതിലൂടെ തൊഴിലാളികൾക്കും പൊതുജനങ്ങൾക്കും യഥാസമയം വിവരങ്ങൾ അറിയുവാൻ സാധിക്കുന്നുണ്ട്.<br><br>**AIIS**<br><br>ഒന്നിലധികം ബോർഡുകളിൽ മെമ്പർഷിപ്പ് എടുക്കുന്നത് ഒഴിവാക്കുന്നതിനുവേണ്ടി 2008-09 വർഷം മുതൽ ബോർഡുകളുടെ കമ്പ്യൂട്ടറൈസേഷൻ സംബന്ധിച്ചുള്ള അഡ്വാൻസ്ഡ് ഇൻഫർമേഷൻ ഇന്റർഫെയ്സ് സിസ്റ്റം എന്ന പദ്ധതി കെൽട്രോൺ വഴി നടപ്പിലാക്കി വരികയാണ്. തൊഴിൽ വകുപ്പിന്റെ കീഴിൽ വരുന്ന 16 ക്ഷേമനിധി ബോർഡുകളിൽ രജിസ്റ്റർ ചെയ്യപ്പെട്ട വിവിധ തൊഴിൽ മേഖലകളിൽ ജോലി ചെയ്യുന്ന തൊഴിലാളികളുടെ വിവരങ്ങൾ മുഴുവനും അവരുടെ ആധാർ നമ്പർ, ബാങ്ക് അക്കൗണ്ട് നമ്പർ എന്നിവ കൂട്ടിച്ചേർത്ത് ഡിജിറ്റലൈസ് ചെയ്യുന്ന പദ്ധതിയാണിത്. ക്ഷേമ ബോർഡുകളിൽ രജിസ്റ്റർ ചെയ്യപ്പെട്ട മുഴുവൻ അംഗങ്ങൾക്കും അർഹതപ്പെട്ട ആനുകൂല്യങ്ങൾ അവരുടെ ആധാർ നമ്പരുമായി ബന്ധപ്പെടുത്തി സ്വന്തം ബാങ്ക് അക്കൗണ്ടുകളിലേയ്ക്ക് നേരിട്ട് എത്തിച്ചു കൊടുക്കുക എന്നതാണ് ഈ പദ്ധതിയുടെ മുഖ്യ ഉദ്ദേശ്യം. ഇതിനുപരി ഒരേ അംഗങ്ങൾ ഒന്നിൽക്കൂടുതൽ ക്ഷേമനിധി ആനുകൂല്യങ്ങൾ കൈപ്പറ്റുന്നത് തടയുക, വ്യാജ അംഗത്വങ്ങൾ ഇല്ലാതാക്കുക, ക്ഷേമനിധി ബോർഡുകളിലെ അംഗങ്ങളുടെ കൃത്യമായ എണ്ണം തിട്ടപ്പെടുത്തുക എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായിട്ടുള്ള എല്ലാ തൊഴിലാളികൾക്കും യൂണിക് ഐ.ഡി കാർഡ് നൽകുന്നതിനുള്ള പദ്ധതിയാണിത്. AIIS സോഫ്റ്റ്വെയറിന്റെ ഒന്നാംഘട്ടമായ രജിസ്ട്രേഷൻ ഇപ്പോൾ പ്രവർത്തനസജ്ജമായിട്ടുണ്ട്. അക്ഷയ കേന്ദ്രങ്ങൾ മുഖേനയും വിവിധ ക്ഷേമനിധി ബോർഡുകളുടെ ഓഫീസുകൾ മുഖേനയും രജിസ്ട്രേഷൻ നടത്തുവാൻ കഴിയുംവിധമാണ് AIIS സോഫ്റ്റ്വെയർ വികസിപ്പിച്ചിട്ടുള്ളത്.<br><br>തൊഴിലാളികൾക്ക് അവരവരുടെ സ്ഥലങ്ങളിലുള്ള അക്ഷയ കേന്ദ്രങ്ങൾ വഴി ഓൺലൈൻ ആയി അംഗത്വ ഫീസ് അടക്കുന്നതിനും രജിസ്ട്രേഷൻ ചെയ്യുന്നതിനും സാധ്യമാണ്. ദൂരസ്ഥലങ്ങളിൽ നിന്നും തൊഴിലാളികൾക്ക് ബോർഡിൽ രജിസ്ട്രേഷനായി എത്തിച്ചേരുന്നതിനുള്ള ബുദ്ധിമുട്ട് ഇതുവഴി പരിഹരിക്കപ്പെട്ടിട്ടുണ്ട്. |
| (സി) | സ്ത്രീ തൊഴിലാളികളുടെ ക്ഷേമത്തിനായി രൂപീകരിച്ച കാൾ സെന്റർ സംവിധാനത്തിന്റെ പുരോഗതി | (സി) | കേരളത്തിലെ സ്ത്രീ തൊഴിലാളികൾ തൊഴിലിടങ്ങളിൽ നേരിടുന്ന വിവിധ തൊഴിൽ പ്രശ്നങ്ങൾ തൊഴിൽ |

| | | | |
|---|---|---|---|
| | വെളിപ്പെടുത്തുമോ; | | വകുപ്പിനെ അറിയിക്കുന്നതിനായി ഒരു ടോൾ ഫ്രീ ഹെൽപ്പ് ലൈൻ നമ്പർ തൊഴിൽ വകുപ്പ് സജ്ജമാക്കിയിട്ടുണ്ട്. സ്ത്രീ തൊഴിലാളികൾ തൊഴിലിടങ്ങളിൽ നേരിടുന്ന വേതനം സംബന്ധിച്ച പരാതികൾ, ലീവ് ആനുകൂല്യങ്ങൾ,ഇരിപ്പിട സൗകര്യം തുടങ്ങി തൊഴിൽപരമായ എല്ലാ പരാതികളും സഹജ കോൾ സെൻ്റർ നമ്പർ ആയ 1800-42555-215 എന്ന നമ്പറിൽ വിളിച്ചറിയിച്ച് പരിഹാരം കാണാവുന്നതാണ്. അന്താരാഷ്ട്ര വനിതാദിനത്തോടനുബന്ധിച്ച് 2022 മാർച്ച് ഏട്ടാം തീയതി ആരംഭിച്ച ടി കാൾസെൻ്ററിലൂടെ സ്ത്രീ തൊഴിലാളികളുടെ വിവിധ തൊഴിൽ പ്രശ്നനങ്ങളുമായി ബന്ധപ്പെട്ട് നാളിതുവരെ 100 പരാതികൾ ലഭ്യമാകുകയും ആയതിൽ 98 പരാതികൾ തീർപ്പാക്കുകയും ചെയ്തിട്ടുണ്ട്. |
| (ഡി) | തൊഴിൽ മേഖലയിൽ കമ്പ്യൂട്ടർ അധിഷ്ഠിതമായ എന്തെങ്കിലും പുതിയ പദ്ധതികൾ ആവിഷ്കരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദ വിവരം നൽകാമോ? | (ഡി) | തൊഴിൽ മേഖലയിൽ കമ്പ്യൂട്ടർ അധിഷ്ഠിതമായപുതിയ പദ്ധതികൾ നിലവിൽ തൊഴിൽ വകുപ്പിന്റെ പരിഗണനയിലില്ല. എന്നിരുന്നാലും കുട്ടികൾക്ക് പഠനത്തോടൊപ്പം ജോലി നൽകുക എന്ന ഉദ്ദേശ്യത്തോടെ സംസ്ഥാനത്തിൽ കർമ്മചാരി പദ്ധതി രൂപീകരിക്കുകയും പൈലറ്റ് പ്രോജക്റ്റ് എന്ന നിലയിൽ എറണാകുളം ജില്ലയിലെ കൊച്ചിൻ കോർപ്പറേഷൻ പരിധിയിലാണ് നടത്തി വരുന്നത്. ടി പദ്ധതിയ്ക്കായി രൂപീകരിച്ചിട്ടുള്ള ഓൺലൈൻ പോർട്ടലിലൂടെ തൊഴിലുടമകൾക്ക് തൊഴിൽ അവസരങ്ങൾ രജിസ്റ്റർ ചെയ്യാനും, ഒപ്പം വിദ്യാർത്ഥികൾ ആവശ്യമായ തൊഴിൽ തിരഞ്ഞെടുക്കുവാനും സാധിക്കുന്നു.<br><br>സ്വകാര്യ മേഖലയിലെ തൊഴിലവസരങ്ങൾ കേരളത്തിലെ അഭ്യസ്ത വിദ്യരായ തൊഴിലന്വേഷകർക്ക് ലഭ്യമാക്കുന്നതിനായി എംപ്ലോയ്മെന്റ് വകുപ്പ് ഒരു പ്രൈവറ്റ് ജോബ് പോർട്ടൽ വികസിപ്പിച്ചു വരികയാണ്.<br><br>ഇ.എസ്.ഐ പദ്ധതിയിൽ രജിസ്റ്റർ ചെയ്ത തൊഴിലാളികളുടെ മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് ക്ലെയിം പ്രോസസ് ചെയ്യുന്നതിനായി MRC സോഫ്റ്റ് വെയർ നടപ്പിലാക്കുന്നതിന് PIP 2024-25 പദ്ധതിയിൽ ഉൾപ്പെടുത്തി അപേക്ഷ ഇ.എസ്.ഐ കോർപ്പറേഷന് സമർപ്പിച്ചിട്ടുണ്ട്.<br><br>ഫാക്ടറീസ് & ബോയിലേഴ്സ് വകുപ്പ് മുഖേന<br><br>1. <u>കംപ്ലയിന്റ് കം ഗ്രീവൻസ് റീഡ്രസ്സൽ ആപ്പ്</u><br>ഫാക്ടറിത്തൊഴിലാളികൾക്ക്, പ്രത്യേകിച്ച് അതിഥി തൊഴിലാളികൾക്ക് തങ്ങളുടെ സുരക്ഷിതത്വവും |

| | | | |
|---|---|---|---|
| | | | ക്ഷേമവും സംബന്ധിച്ച പരാതികൾ ഭാഷാ വ്യത്യാസമില്ലാതെ മൊബൈൽ ആപ്പ് മുഖേന വകുപ്പിൽ നേരിട്ട് അറിയിക്കുവാനും വകുപ്പിന്റെ ഓൺലൈൻ സംവിധാനവുമായി ബന്ധിപ്പിച്ചിട്ടുള്ളതിനാൽ പെട്ടെന്ന് പരിഹരിക്കപ്പെടുവാൻ സാധിക്കുകയും ചെയ്യുന്ന സംവിധാനമാണ് ഇത്.<br><br>2. <u>ഇ-സേഫ് എം.എസ്.എം.ഇ</u><br><br>സംസ്ഥാനത്ത് പ്രവർത്തിക്കുന്നതും ആരംഭിക്കാൻ ഉദ്ദേശിക്കുന്നതുമായ ഫാക്ടറികളുടെ സംരംഭകർക്ക് ടി ഫാക്ടറികളിൽ നിയമപരമായി നടപ്പിലാക്കേണ്ട സംവിധാനങ്ങളും സൂക്ഷിക്കേണ്ട രേഖകളും ഏതെല്ലാമാണെന്ന് അറിയിക്കുന്നതിലേയ്ക്കായി എ.ഐ അധിഷ്ഠിതമായ സ്വയം പ്രവർത്തിക്കുന്ന സംവിധാനമാണ് ഇത്. സംശയ നിവാരണത്തിനായി ചാറ്റ് ബോട്ട് സംവിധാനവും സജ്ജീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ